# ടൊറന്റൊ സി. എസ്. ഐ സഭയും മലയാള ലോകവും

മലയാളം നമ്മുടെ മാതൃഭാഷ നന്മ നിറഞ്ഞ മധുരവുമായി മലയാളി മനസ് സമ്പുഷ്ടമാക്കുന്ന മലയാള ഭാഷ നമ്മുടെ വികാരമാണ്. ഒപ്പം ആവേശവും. വിശാല ലോകത്തിൽ എവിടെ ജീവിച്ചാലും മലയാളിക്ക് അഭിമാനത്തിന്റെ ആത്മഹർഷം ഒരുക്കുന്ന നമ്മുടെ മനോഹര ഭാഷയെ തലമുറകൾക്ക് പകർന്നു നൽകുന്ന ജീവിത ദൗത്യം നാം തുടരുന്നു മലയാള ലോകം എന്ന നമ്മുടെ സഭയിലെ മാതൃ ഭാഷാ പഠന പദ്ധതിയിലൂടെ.

2005 ഏപ്രിൽ 3 നു ആണ് മലയാള ലോകം ക്ലാസുകൾ ആരംഭിച്ചത്. ഇതിലൂടെ നമ്മുടെ മാതൃ ഭാഷ പഠിക്കുന്നതിനും നമ്മുടെ സംസ്കാരം വളർത്തിയെടുക്കുന്നതിനും ഈ പ്രസ്ഥാനം സഹായിച്ചു വരുന്നു. ആത്മാർത്ഥതയും സമർപ്പണവും ഉള്ള ഒരുപറ്റം അദ്ധ്യാപകരും, അദ്ധ്യാപന സഹായികളും, ഭാഷാ സ്നേഹികളായ പഠിതാക്കളും, അവരെ പ്രോത്സാഹിപ്പിക്കുന്ന സഭാജനങ്ങളുമാണ് മലയാള ലോകത്തിന്റെ കരുത്ത്.

വിദ്യാർത്ഥികളെ ഭാഷാപരിചയത്തിന്റെ അടിസ്ഥാനത്തിലാണ് ക്ലാസുകളായി തിരിച്ചിരിക്കുന്നത്. നിലവിൽ ബിഗിനർ, ഇന്റർമിഡിയെറ്റ്, സീനിയർ എന്നീ ക്ലാസുകൾ പ്രവർത്തിച്ചു വരുന്നു. ഞായർ ആരാധനയ്ക്കു ശേഷം മുപ്പതു മിനിറ്റ് ദൈർഘ്യമുള്ള ക്ലാസ്സുകൾ നടത്തി വരുന്നു. ജനുവരി മുതൽ മാർച്ച് വരെയും ഏപ്രിൽ മുതൽ ജൂൺ വരെയും സെപ്തംബർ മുതൽ നവംബർ വരെയും മൂന്നു സെമസ്റ്ററുകളായി ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നു.

വിദ്യാർത്ഥികളുടെ ഹാജരും ഫലപ്രദമായ പങ്കാളിത്തവുമാണ് ഈ പ്രസ്ഥാനത്തിലൂടെ വിഭാവനം ചെയ്യപ്പെടുന്നത്. മലയാള ലോകത്തിലൂടെ വളരെ നല്ല ഫലങ്ങളാണ് നാം ലക്ഷ്യമിടുന്നത്. അക്ഷരപഠനം, വായന, എഴുത്ത്, ഉച്ചാരണം ആണ് ആദ്യഘട്ടം ലക്ഷ്യമാക്കുന്നത്. ആശയ വിനിമയവും മലയാള ആരാധനയിലെ സമ്പൂർണ്ണ പങ്കാളിത്തവും വിശാല ലക്ഷ്യമാണ്.

മലയാളലോകത്തിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക ആഘോഷങ്ങളും കാര്യപരിപാടികളും നടത്തപ്പെടുന്നുണ്ട്. വാർഷികാഘോഷങ്ങൾ എല്ലാവർഷങ്ങളിലും ഭംഗിയായി നടത്തി. മലയാള ഞായർ ആചരണവും പ്രാധാന്യത്തോടെ നാം ഏറ്റെടുത്ത് നടത്തി. കുട്ടികളുടെ നൈസർഗികമായ കഴിവുകൾ വികസിപ്പിക്കുന്നതിന് കലാവേദികൾ ഒരുക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം ഭാഷ പഠനത്തിനു ഊന്നൽ കൊടുക്കുവാൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. “ഞാനും എന്റെ മലയാള നാടും ഞാനും എന്റെ കുടുംബവും” എന്നിവ ഉദാഹരണങ്ങളാണ്.

ആഘോഷ പരിപാടികളുടെ ഭാഗമായി വിഭവ സമൃദ്ധമായ കേരളീയ ഭക്ഷണം നാം ഒരുക്കി വരുന്നു. ഇതിലൂടെ സമാഹരിക്കുന്ന തുക മദ്ധ്യകേരള മഹായിടവകയിൽ പ്രവർത്തിക്കുന്ന മണക്കാലാ ഭാഗിക ശ്രവണ വിദ്യാലയത്തിലും തിരുവല്ലാ ബധിര വിദ്യാലയത്തിലും സംഭാവനയായി നല്കി വരുന്നു.

പിന്നിട്ട വർഷങ്ങളിൽ മാതൃഭാഷയുടെ മാധുര്യവും സംസ്കൃതിയും നാം തലമുറകൾക്ക് പകർന്നു കൊണ്ടിരിക്കുകയാണ്. മലയാളത്തിന്റെ നന്മ ഹൃദയങ്ങളിൽ നിറച്ച് തിരക്കേറിയ നമ്മുടെ ജീവിതത്തെ മലയാള സംസ്കാരത്തോട് ബന്ധിപ്പിച്ച് നിർത്താനുള്ള എളിയ ശ്രമങ്ങളാണ് മലയാള ലോകത്തിലൂടെ ഇതുവരെയും നമ്മൾ നിർവഹിച്ചു വന്നത്. അത് ധാരാളം പേർക്ക് പ്രയോജനകരമായി തീരുന്നതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യം ഉണ്ട്. ഈ ശ്രമങ്ങൾ ഇനിയും തുടരണം. മലയാളത്തിന്റെ ചാരുത നിരവധി പേരിലേക്ക് എത്തണം. അതാണ് നമ്മുടെ പ്രതീക്ഷ. നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം. ദൈവം അതിനു സഹായിക്കട്ടെ.

മറിയാമ്മ തോമസ്          പ്രിയ ഏബ്രഹാം